

# കുട്ടിക്കുറുമ്പൻ

● ഹരീഷ്. ആർ. നമ്പൂതിരിപ്പാട്

കുട്ടിക്കുറുമ്പില്ലാ വമ്പില്ലാക്കൊമ്പന്
ശർക്കര വേണ്ട, കരിമ്പു വേണ്ട,
ചങ്ങലയും വേണ്ട, പാപ്പാൻ വേണ്ട,
കുന്തവും വേണ്ട, വടിയും വേണ്ട
അമ്മിണിക്കുട്ടിയോടൊപ്പം കളിക്കുന്ന
ചന്തമുള്ളാന, മരയാന...!



# പട്ടുകുട

● ജോസ് ഗോതുരുത്ത്

വിണ്ണിനെ നോക്കി
വിടർന്നു നിന്നു
മണ്ണിലുയർന്ന പട്ടുകുട!
മഴ വീണപ്പോൾ
ചെറുജീവികളെ
മാടിവിളിച്ചു പട്ടു കുട!
മഴ കൊള്ളാതെ
ചുവടെയിരുത്തി
ഒരുമ വളർത്തും പട്ടുകുട!

▶▶ ലോകത്തിലെ ഏറ്റവും നീളം കൂടിയ കടലിടുക്ക് – മലാക്ക കടലിടുക്ക്